ഭരണഭാഷ-മാതൃഭാഷ

അനെർട്ട്

ANERT

Agency for New and Renewable Energy Research and Technology

നവീനവും പുനരുപയോഗയോഗ്യവുമായ ഊർജ്ജ ഗവേഷണങ്ങൾക്കും സാങ്കേതിക വിദ്യകൾക്കുമുള്ള ഏജൻസി

(Department of Power, Government of Kerala)

150 YEARS OF CELEBRATING THE MAHATMA

**അനെർട്ട് Chief Executive Officer-ഉടെ നടപടിക്രമം**
(**ഹാജർ:** Narendra Nath Veluri I F S)

**സംഗ്രഹം**

അനെർട്ട് - കാർബൺ ന്യൂട്രൽ ഗവേർണൻസ് പ്രോജക്ട് - ഇലക്ട്രിക് കാറുകൾക്ക് ഡ്രൈവർമാരെ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

ഫയൽ നം . ANERT-TECH/131/2021-PE2(EV)

18/06/2022

## ക്വട്ടേഷൻ നോട്ടീസ്

ഇ-മൊബിലിറ്റി പ്രോജക്ടുമായി ബന്ധപ്പെട്ട് അനെർട്ടിന്റെ കാര്യാലയത്തിലേക്കും വിവിധ ജില്ലകളിലുള്ള സർക്കാർ ഓഫീസുകളിലേക്കും ഇലക്ട്രിക് കാറുകൾ ഓടിക്കുന്നതിന് ഡ്രൈവർമാരെ ലഭ്യമാക്കുന്നതിനായി ഉയർന്ന നിലവാരത്തിലുള്ളതും ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളതുമായ രജിസ്റ്റേർഡ് സ്ഥാപനങ്ങളിൽ നിന്നും ചുവടെ നൽകിയിരിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായുള്ള മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

- ഓരോ ജില്ലയിലേക്കും ആവശ്യമായ ഡ്രൈവർമാരെ അനെർട്ട് ആവശ്യപ്പെടുന്ന മുറക്ക് കാലതാമസമില്ലാതെ നൽകേണ്ടതാണ്.
- ഇലക്ട്രിക് വാഹനം ഓടിക്കുന്നതായതിനാൽ NCVT/SCVT യോഗ്യതയുള്ളവർക്ക് മുൻഗണന നൽകേണ്ടതാണ്.
- ഡ്രൈവർമാർ കുറഞ്ഞത് SSLC യോഗ്യതയുള്ളവരായിരിക്കണം.
- ഡ്രൈവർമാരുടെ ജോലി സമയം 9.00 am മുതൽ 6.00 pm വരെയായിരിക്കും. (അതാത് ഓഫീസ് അധികാരികൾ ആവശ്യപ്പെടുന്ന മുറക്ക് അധിക സമയം ജോലി ചെയ്യേണ്ടതായി വരും)
- ആഴ്ചയിൽ ഒരു ദിവസം അവധിയായിരിക്കുന്നതാണ്.
- ഡ്രൈവറുടെ സേവന വേതന വ്യവസ്ഥകൾ അനെർട്ട് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമായിരിക്കും.
- ഡ്രൈവർമാരുടെ ഇ.പി.എഫ്, ഇ.എസ്.ഐ, എൽ.ഡബ്ല്യു.എഫ് തുടങ്ങിയവ

സംബന്ധിക്കുന്ന നിലവിലെ നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിന് ക്വട്ടേഷൻ ലഭിക്കുന്ന ഏജൻസി ബാധ്യസ്ഥരായിരിക്കും.

- ഏതവസരത്തിലും ക്വട്ടേഷൻ റദ്ദാക്കുന്നതിന് അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
- ഡ്രൈവറായി നിയമനം ലഭിക്കുന്നവരിൽ നിന്നും ഓരോ മാസവും ഈടാക്കുന്ന കുറഞ്ഞ സർവ്വീസ് ചാർജ്ജും മറ്റ് വ്യവസ്ഥകളും ക്വട്ടേഷനിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
- ക്വട്ടേഷനിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ 25,000/- രൂപ നിരതദ്രവ്യമായി അനെർട്ടിൽ നിക്ഷേപിക്കേണ്ടതാണ്.
- ക്വട്ടേഷൻ ലഭിക്കുന്ന സ്ഥാപനത്തിന്റെ നിരതദ്രവ്യം കരാർ കാലാവധി അവസാനിക്കുന്നതുവരെ അനെർട്ടിൽ സെക്യൂരിറ്റി ഡിപ്പോസിറ്റായി സൂക്ഷിക്കുന്നതാണ്.

നിലവിലുള്ള ഏജൻസി വഴി ഇ-കാറുകൾ ഉപയോഗിക്കുന്നതിന് 28 എണ്ണം ഡ്രൈവർമാർ ഉണ്ട്. ഇവരെ പുതിയ ക്വട്ടേഷൻ പ്രകാരം നിലനിർത്തേണ്ടതും ഇവർക്ക് അനെർട്ട് അനുവദിക്കുന്ന തുക സർവീസ് ചാർജ് , EPF, ESI മറ്റു നിയമാനുസൃത തുക എന്നിവ കുറച്ച് നൽകേണ്ടതുമാണ്. നിലവിൽ പുതിയ ഡ്രൈവർമാർക്ക് Rs.17,500/- രൂപയും ഒരു വർഷം കഴിഞ്ഞവർക്ക് Rs.18,375/- രൂപയുമാണ് വിവിധ വകുപ്പുകളിൽ നിന്നും വാങ്ങി ഏജൻസിക്ക് നൽകുന്നത്. പുതുതായി ഡ്രൈവറായി നിയമിക്കുന്ന ജീവനക്കാർക്ക് പ്രതിമാസം Rs.17,500/- + 18% GST ആണ് അനുവദിക്കുന്നത്. ഓരോ വർഷവും സർക്കാർ/അനെർട്ട് നിശ്ചയിക്കുന്ന വാർഷിക വർദ്ധനവും, മാറ്റങ്ങളും ഉണ്ടാകുന്നതാണ്. ഈ തുകയിൽ നിന്നും നിയമാനുസൃതമായുള്ള ESI, PF എന്നിവ അടച്ച് രസീത് ശമ്പളം നൽകുന്ന അടുത്ത മാസം അനെർട്ടിൽ നൽകേണ്ടതും ബാക്കി തുക സർവീസ് ചാർജ് കഴിച്ച് ഡ്രൈവർക്ക് നൽകേണ്ടതുമാണ്. ഈ ക്വട്ടേഷന്റെ കാലാവധി 3 വർഷം ആയിരിക്കുന്നതാണ്. ESI, PF എന്നിവ പിടിച്ച രസീത് ഹാജരാക്കാത്ത പക്ഷം മുന്നറിയിപ്പ് ഇല്ലാതെ പുതിയ ഏജൻസിക്ക് ഓർഡർ നൽകുന്നതാണ്. നിലവിൽ അധിക മണിക്കൂറിന് Rs.200/- രൂപയാണ് നൽകുന്നത്. അധിക മണിക്കൂറിനുള്ള തുക നേരിട്ട് കമ്മീഷൻ എടുക്കാതെ ഡ്രൈവർമാർക്ക് നൽകേണ്ടതാണ് . കാലാകാലങ്ങളിൽ ഈ തുകയിലും മാറ്റം വരുന്നതാണ്. ഈ ക്വട്ടേഷൻ പ്രകാരം ഓരോ ഡ്രൈവർക്കും പ്രതിമാസം സർവീസ് ചാർജ്ജായി ഈടാക്കുന്ന തുക ഇതോടൊപ്പമുള്ള മാതൃക ഷീറ്റിൽ രേഖപ്പെടുത്തേണ്ടതാണ് . ഏറ്റവും കുറഞ്ഞ സർവീസ് ചാർജ് തുക ക്വാട്ട് ചെയ്യുന്ന ഏജൻസിക്ക് വർക്ക് ഓർഡർ നൽകുന്നതാണ്.

മറ്റു കാരണങ്ങളൊന്നും കൂടാതെ തന്നെ ക്വട്ടേഷൻ റദ്ദാക്കുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അവകാശം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾ അനെർട്ട് ആസ്ഥാന മന്ദിരത്തിൽ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ ഹാജരായി ശേഖരിക്കാവുന്നതാണ്. ക്വട്ടേഷന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു.

ക്വട്ടേഷൻ ലഭിക്കുന്ന ഏജൻസി Rs.200/- രൂപ പത്രത്തിൽ അനെർട്ടുമായി എഗ്രിമെന്റ് വയ്ക്കേണ്ടതും Rs.25,000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകേണ്ടതുമാണ്. ക്വട്ടേഷനുകൾ 01/07/2022 ന് 11.30 മണിക്ക് മുൻപായി ലഭ്യമാക്കേണ്ടതാണ്. അന്നേ ദിവസം 12.00 PM ന് ക്വട്ടേഷനുകൾ തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ അനെർട്ട് ആസ്ഥാന മന്ദിരത്തിൽ എത്തി പ്രവൃത്തി സമയങ്ങളിൽ ശേഖരിക്കാവുന്നതാണ്.

ക്വട്ടേഷൻ ലഭിക്കേണ്ട വിലാസം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
അനെർട്ട്, പി.എം.ജി, ലോ കോളേജ് റോഡ്
ഐ.എം.ജി യ്ക്ക് സമീപം, വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം -695003

N Wan

Chief Executive Officer

**അനെർട്ട് നൽകുന്ന ഇ-കാറുകളുടെ ഡ്രൈവർ നിയമിക്കുന്ന ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനുള്ള ക്വട്ടേഷന്റെ മാതൃക.**

| | |
|---|---|
| സ്ഥാപന മേധാവിയുടെ പേര് | |
| ആധാർ നമ്പർ | |
| ഫോൺ നമ്പർ | |
| സ്ഥാപനത്തിന്റെ പേര് | |
| സ്ഥാപനത്തിന്റെ അഡ്രസ്സ്<br>(ഫോൺ നമ്പർ സഹിതം) | |
| സ്ഥാപനത്തിന്റെ GST നമ്പർ | |
| സ്ഥാപനത്തിന്റെ PAN നമ്പർ | |
| സ്ഥാപനത്തിന്റെ EPF രജിസ്ട്രേഷൻ നമ്പർ | |
| സ്ഥാപനത്തിന്റെ ESI രജിസ്ട്രേഷൻ നമ്പർ | |
| തൊഴിൽ വകുപ്പിൽ നിന്നുള്ള ലേബർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നമ്പർ | |
| ഓരോ ഡ്രൈവറിനും ഓരോ മാസവും ഈടാക്കുന്ന കുറഞ്ഞ സർവീസ് ചാർജ് തുക | Rs.---------------------(അക്കത്തിൽ)<br><br>Rs.------------------------------------<br><br>------------------------(അക്ഷരത്തിൽ) |

തീയതി :

പേര് :

സ്ഥലം :

ഒപ്പ് :

ഉള്ളടക്കം : 1 . സ്ഥാപന ഉടമ /മേധാവിയുടെ ആധാറിന്റെ പകർപ്പ്

2 . സ്ഥാപനത്തിന്റെ GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്

3 . സ്ഥാപനത്തിന്റെ PAN കാർഡിന്റെ പകർപ്പ്

4 . സ്ഥാപനത്തിന്റെ EPF രജിസ്ട്രേഷന്റെ പകർപ്പ്

5 . സ്ഥാപനത്തിന്റെ ESI രജിസ്ട്രേഷന്റെ പകർപ്പ്

6. തൊഴിൽ വകുപ്പിൽ നിന്നുള്ള ലേബർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്

നോട്ട് : മേൽ പറഞ്ഞ ഉള്ളടക്കം ഇല്ലാത്ത ക്വട്ടേഷനുകൾ നിരസിക്കുന്നതാണ് .